## ദൗത്യം പൂർത്തീകരിച്ച് ചൈന

**ബീജിങ്**

പുനരുപയോഗിക്കാവുന്ന ബഹിരാകാശ പേടക സാങ്കേതികവിദ്യയിലെ ചൈനയുടെ പരീക്ഷണം വിജയകരമായി പൂർത്തീകരിച്ച് ഭൂമിയിൽ തിരിച്ചെത്തി.

276 ദിവസം ഭ്രമണപഥത്തിൽ തങ്ങിയശേഷമാണ് വടക്കുപടിഞ്ഞാറൻ ചൈനയിലെ ജിയുക്വാൻ വിക്ഷേപണകേന്ദ്രത്തിൽ പേടകം തിരിച്ചെത്തിയത്.

ഈ സാങ്കേതികവിദ്യയിലൂടെ ഭാവിയിൽ ബഹിരാകാശ ദൗത്യങ്ങൾ ചെലവുകുറഞ്ഞതും സൗകര്യപ്രദവുമായ രീതിയിൽ നടത്താനാകും.

■ കെ സുധാകരൻ ഓർക്കുന്നുവോ കുമരകം ബോട്ട് ദുരന്തം

# സർക്കാർ ജോലി പ്രഖ്യാപനം യുഡിഎഫ് സർക്കാർ മുക്കി

**മാരാരിക്കുളം**

താനൂരിലെ ബോട്ടപകടം സർക്കാർ സ്പോൺസർ ചെയ്ത കൂട്ടക്കൊലയാണെന്ന് ആരോപിച്ച കെപിസിസി പ്രസിഡന്റ് കെ സുധാകരൻ, മന്ത്രി ആയിരുന്നപ്പോൾ നടന്ന കുമരകം ബോട്ട് ദുരന്തം മറന്നോ. 2002 ജൂലൈ 27ന് വേമ്പനാട്ട് കായലിൽ 29 പേരുടെ ജീവൻ പൊലിഞ്ഞ ബോട്ട് ദുരന്തം ഉണ്ടായതിന്റെ അടുത്ത ദിവസം മരണ വീടുകൾ സന്ദർശിച്ച കെ സുധാകരൻ നടത്തിയ പ്രഖ്യാപനം അദ്ദേഹം മറന്നാലും മുഹമ്മക്കാർ മറക്കില്ല. മുഹമ്മയിലും സമീപ പ്രദേശങ്ങളിലും ഉള്ളവരായിരുന്നു മരിച്ചത്. ജലഗതാഗത വകുപ്പിന്റെ ബോട്ടായിരുന്നു അപകടത്തിൽപ്പെട്ടത്.

അപകടത്തിൽ മരിച്ചവരുടെ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി നൽകുമെന്നായിരുന്നു കെ സുധാകരന്റെ പ്രഖ്യാപനം. ഇത് നൽകിയില്ലെന്ന് മാത്രമല്ല, ആശ്രിതർക്ക് ആകെ നൽകിയത് ഒന്നര ലക്ഷം രൂപ വീതമാണ്.

അന്നത്തെ യു ഡിഎഫ് സർക്കാർ ആദ്യം നൽകിയത് 50, 000രൂപയാണ്. നഷ്ട പരിഹാരത്തുക വർധിപ്പിക്കണമെന്ന് അന്ന് എംഎൽഎ ആയിരുന്ന ടി എം തോമസ് ഐസക്കും എൽഡിഎഫും ആവശ്യപ്പെട്ടതിനെ തുടർന്ന് ദുരന്തത്തിന്റെ ഒന്നാം വാർഷികത്തിനു ശേഷമാണ് ഒരു ലക്ഷം രൂപ കൂടി നൽകിയത്. എന്നാൽ, താനൂരിലെ ബോട്ട് അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ 10 ലക്ഷം രൂപയാണ് സഹായമായി പ്രഖ്യാപിച്ചിരിക്കുന്നത്.




## ന്യൂനപക്ഷങ്ങൾക്ക് കേന്ദ്രസർക്കാർ സംരക്ഷണം നൽകണം

**തലശേരി**

മണിപ്പൂർ കലാപം അടിച്ചമർത്തി ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് തലശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു. അമ്പതിലധികം നിരപരാധികളായ മനുഷ്യരെ കൊലപ്പെടുത്തുകയും അനേകം ക്രൈസ്തവ ദേവാലയങ്ങളും സ്കൂളുകളും സെമിനാരികളും വീടുകളും ആശുപത്രികളും തകർക്കുകയും ചെയ്ത കലാപം ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ ജീവിക്കാനുള്ള അവകാശത്തിനുമേലുള്ള കടന്നുകയറ്റമാണ്. കലാപബാധിത പ്രദേശങ്ങളിൽ പട്ടാളത്തെ നിലനിർത്താനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കാനും കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണം.

## കലാപങ്ങൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തണം: കെസിസി

**തിരുവല്ല**

മണിപ്പൂർ ആവർത്തിക്കാതിരിക്കാൻ സർക്കാരുകളും വിവിധ സമൂഹങ്ങളുടെ നേതൃത്വത്തിലുള്ളവരും ശ്രദ്ധിക്കണമെന്ന് കേരള കൗൺസിൽ ഓഫ് ചർച്ചസ് ആവശ്യപ്പെട്ടു. സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കുമ്പോൾ അവിടെ ചേരിതിരിവ് മുമ്പും ഉണ്ട്. മണ്ഡൽ കമീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഉണ്ടായ അസ്വസ്ഥതകൾ സമൂഹം മറന്നിട്ടില്ല. വലിയ സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സമവായ ചർച്ചകളിലൂടെ ശാന്തത കൈവരിക്കാൻ ശ്രമിച്ചശേഷം മാത്രം തീരുമാനങ്ങൾ നടപ്പാക്കുവാൻ സർക്കാർ ശ്രദ്ധിക്കണം. മുറിവുണക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുകയും എല്ലാവരെയും ഉൾക്കൊള്ളുവാൻ തയ്യാറാകുകയും വേണം. ഇതുസംബന്ധിച്ച് കേരള കൗൺസിൽ ഓഫ് ചർച്ചസ് ദേശീയ ന്യൂനപക്ഷ കമീഷനെ ആശങ്കകൾ അറിയിച്ചതായി ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി തോമസ് അറിയിച്ചു.

# നോർക്ക റൂട്ട്സ് മുൻ ചെയർമാൻ കൊച്ചുകൃഷ്ണപിള്ള അന്തരിച്ചു



കൊച്ചു കൃഷ്ണപിള്ളയ്ക്ക് സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി അന്ത്യോപചാരമർപ്പിക്കുന്നു

**ആറ്റിങ്ങൽ**

നോർക്ക റൂട്ട്സ് മുൻ ചെയർമാനും പ്രവാസി ബോർഡ് മുൻ അംഗവുമായ മുദാക്കൽ അയിലം മൈവള്ളിഏലാ കൃഷ്ണാഭവനിൽ കൊച്ചു കൃഷ്ണപിള്ള (75, സിപിഐ എം അയിലം നോർത്ത് ബ്രാഞ്ചംഗം) അന്തരിച്ചു. വൃക്കരോഗത്തിന് ചികിത്സയിലായിരുന്നു. സംസ്കാരം ചൊവ്വ പകൽ 2ന് വീട്ടുവളപ്പിൽ.

ഷാർജ ഇന്ത്യൻ അസോസിയേഷൻ അംഗം, മാസ് ഷാർജ നേതാവ്, കൈരളി ചാനൽ യുഎഇ കോ ഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഭാര്യ: സുശീല (റിട്ട. അധ്യാപിക). മക്കൾ: സ്വാതികൃഷ്ണ, സുനിൽ കൃഷ്ണ. മരുമക്കൾ: അനീഷ്, വൈഷ്ണവി.



സിപിഐ എം ജില്ലാ കമ്മിറ്റി അംഗം വി എ വിനീഷ്, ഏരിയ സെക്രട്ടറി എസ് ലെനിൻ, ഒ എസ് അംബിക എംഎൽഎ തുടങ്ങിയവരുടെ നേതൃത്വത്തിൽ മൃതദേഹത്തിൽ പാർടി പതാക പുതപ്പിച്ചു.

സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി വീട്ടിലെത്തി അന്തിമോപചാരമർപ്പിച്ചു.

മുഖ്യമന്ത്രി അനുശോചിച്ചു

തിരുവനന്തപുരം

യുഎഇയിലെ പൊതുപ്രവർത്തകൻ കൊച്ചുകൃഷ്ണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. യുഎഇയിലെയും ഷാർജയിലെയും പൊതുരംഗത്ത് ദീർഘകാലം പ്രവർത്തിച്ച വ്യക്തിയാണ് കൊച്ചു കൃഷ്ണൻ.

നോർക്ക വെൽഫെയർ ബോർഡ് ഡയറക്ടറെന്ന നിലയിലും ശ്രദ്ധേയനായി. പ്രവാസികളെ സംഘടിപ്പിക്കാനും പ്രവാസി ക്ഷേമം ഉറപ്പാക്കുന്നതിലും അദ്ദേഹം നേതൃപരമായ പങ്കുവഹിച്ചിരുന്നതായി മുഖ്യമന്ത്രി അനുസ്മരിച്ചു.

■ മണിപ്പൂർ കലാപം

# ആശങ്ക രേഖപ്പെടുത്തി സുപ്രീംകോടതി

- ആളുകളെ പുനരധിവസിപ്പിക്കണം
- ആരാധനാലയങ്ങൾ സംരക്ഷിക്കണം

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

മണിപ്പൂർ കലാപത്തിലുണ്ടായ ആൾനാശത്തിൽ ആശങ്ക രേഖപ്പെടുത്തി സുപ്രീംകോടതി. ജനങ്ങളെ സംരക്ഷിക്കുക, സാഹചര്യം ഉടൻ പൂർവസ്ഥിതിയിലാക്കുക, പ്രശ്നബാധിത മേഖലകളിൽനിന്നും ആളുകളെ ഒഴിപ്പിക്കുക തുടങ്ങിയ നടപടികൾക്ക് പ്രാധാന്യം നൽകണമെന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു. വിശദമായ തൽസ്ഥിതി റിപ്പോർട്ട് സമർപ്പിക്കാൻ കോടതി മണിപ്പൂർ സർക്കാരിനോട് നിർദേശിച്ചു.

ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണവും മരുന്നുകളും വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണം. വീടും ഉപജീവനമാർഗവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കണം.

ആരാധനാലയങ്ങൾ സംരക്ഷിക്കണം– കോടതി നിർദേശിച്ചു. കഴിഞ്ഞ രണ്ടു ദിവസമായി സാഹചര്യങ്ങൾ ശാന്തമാണെന്ന് മണിപ്പൂർ സർക്കാരിനുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർമെഹ്ത അറിയിച്ചു. പ്രത്യേക അന്വേഷണ സംഘത്തിന്റെ (എസ്ഐടി) അന്വേഷണം ആവശ്യപ്പെട്ട് മണിപ്പൂർ ട്രൈബൽ ഫോറവും മണിപ്പൂർ നിയമസഭ പർവതമേഖല സമിതി (എച്ച്എസി) ചെയർമാനും ഫയൽ ചെയ്ത ഹർജികളാണ് സുപ്രീംകോടതി പരിഗണിച്ചത്.

17ന് കേസ് വീണ്ടും പരിഗണിക്കും. അതേസമയം, മെയ്ത്തീ വിഭാഗത്തിന് എസ്ടി സംവരണം നൽകണമെന്ന മണിപ്പൂർ ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീൽ നൽകുമെന്ന് സംസ്ഥാന സർക്കാർ അറിയിച്ചു.

### വൻതോതിൽ സൈന്യത്തെ ഇറക്കി

**ന്യൂഡൽഹി**

നാലു ദിവസമായി സൈന്യത്തിന്റെയും അസം റൈഫിൾസിന്റെയും 100 സംഘം മണിപ്പൂരിൽ പ്രവർത്തനനിരതരാണെന്ന് കരസേന. വ്യോമനിരീക്ഷണവും ശക്തമാക്കി. ഹെലികോപ്റ്റർ അകമ്പടിയോടെയാണ് കവചിത വാഹനങ്ങളുടെ നീക്കമെന്നും മ്യാന്മർ അതിർത്തിയിലും ജാഗ്രത പുലർത്തുന്നുണ്ടെന്നും അറിയിച്ചു.

## സുഡാനിൽ 100 മരണം

**കെയ്റോ**

സുഡാനിലെ സംഘർഷമേഖലയായ ഡാർഫറിൽ കഴിഞ്ഞ മാസം സായുധസംഘങ്ങൾ തമ്മിൽ തുടങ്ങിയ ഏറ്റുമുട്ടലിൽ മരിച്ചവരുടെ എണ്ണം നൂറായി. ജനീന ഉൾപ്പെടെയുള്ള മേഖലകളിൽ സംഘർഷം രൂക്ഷമായി തുടരുന്നു. മിക്ക ആശുപത്രികളും തകർന്നതിനാൽ പരിക്കേറ്റവരെ ചികിത്സിക്കാനാകാത്ത സ്ഥിതിയാണ്.

ഏപ്രിൽ 14 മുതൽ രാജ്യത്ത് സൈന്യവും അർധസൈനിക വിഭാഗമായ ആർഎസ്എഫും തമ്മിൽ തുടരുന്ന ഏറ്റുമുട്ടലിൽ 481 പേർ കൊല്ലപ്പെട്ടിരുന്നു. 2560 പേർക്ക് പരിക്കേറ്റു.

■ ശിവശങ്കറിന്റെ ജാമ്യാപേക്ഷ

# ഇഡിക്ക് നോട്ടീസ്

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

ലൈഫ് മിഷനുമായി ബന്ധപ്പെട്ട കേസിൽ എം ശിവശങ്കറിന്റെ ജാമ്യാപേക്ഷയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് സുപ്രീംകോടതി നോട്ടീസ്. ആരോഗ്യസാഹചര്യങ്ങൾ കണക്കിലെടുത്ത് ഹർജി അടിയന്തരമായി പരിഗണിക്കണമെന്ന് ശിവശങ്കറിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ജയ്ദീപ്ഗുപ്ത ആവശ്യപ്പെട്ടു. പതിനേഴിനകം മറുപടി നൽകാനാണ് ജസ്റ്റിസ് രാമസുബ്രഹ്മണ്യൻ അധ്യക്ഷനായ ബെഞ്ചിന്റെ നോട്ടീസ്. കേരള ഹൈക്കോടതി ജാമ്യാപേക്ഷ തള്ളിയതിനെ തുടർന്നാണ് ശിവശങ്കർ സുപ്രീംകോടതിയെ സമീപിച്ചത്.

## പവന് 45,280 രൂപ

**കൊച്ചി**

സംസ്ഥാനത്ത് സ്വർണവില വീണ്ടും കൂടി. തിങ്കളാഴ്ച പവന് 80 രൂപ വർധിച്ച് 45,280 രൂപയും ഗ്രാമിന് 10 രൂപ വർധിച്ച് 5660 രൂപയുമായി. എട്ട് ദിവസത്തിനുള്ളിൽ പവന് 600 രൂപ കൂടി.

ഒന്നാം ചരമവാർഷികം (9-05-2023)



ജി. ഭാസ്കരപിള്ള
(റിട്ട.ഹെഡ്മാസ്റ്റർ)
കാവുവിളാകം, പിരപ്പൻകോട്.
സ്നേഹസ്മരണകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ

# നഗരങ്ങളിൽ ഡീസൽ വാഹനങ്ങൾ വിലക്കും

**2027 ഓടെ വിലക്കേർപ്പെടുത്താൻ ശുപാർശ**

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളിലും മലിനീകരണം രൂക്ഷമായ പട്ടണങ്ങളിലും 2027ഓടെ ഡീസൽ വാഹനങ്ങൾക്ക് വിലക്കേർപ്പെടുത്താൻ കേന്ദ്രസർക്കാർ നിയമിച്ച സമിതിയുടെ ശുപാർശ. കാർബൺ പുറന്തള്ളൽ കുറയ്ക്കാനാവശ്യമായ നിർദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്ര പെട്രോളിയം മന്ത്രാലയം നിയമിച്ച സമിതി നഗരഗതാഗതം പൂർണമായും വൈദ്യുതി വാഹനങ്ങളിലേക്ക് അതിവേഗം മാറണമെന്നും ശുപാർശ ചെയ്തു. ഫെബ്രുവരിയിൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല.

ഡീസൽ വാഹനങ്ങളുടെ ഉപയോഗം രാജ്യത്ത് ഘട്ടംഘട്ടമായി അവസാനിപ്പിക്കണമെന്ന് മുൻ പെട്രോളിയം സെക്രട്ടറി തരുൺ കപൂറിന്റെ നേതൃത്വത്തിലുള്ള സമിതി നിർദേശിച്ചു. നഗരങ്ങളിലെ സർവീസിനായി പുതിയ ഡീസൽ ബസുകൾ വാങ്ങുന്നത് 10 വർഷത്തിനകം അവസാനിപ്പിക്കണം. നഗരങ്ങളിലെ ഡെലിവറി വാഹനങ്ങൾ 2024 മുതൽ പൂർണമായും വൈദ്യുതിയിലായിരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.







+2 കഴിഞ്ഞു ഇനിയെന്ത്?
ഫോർക്ക്‌ലിഫ്റ്റ്, ക്രെയിൻ, ജെസിബി, ഹിറ്റാച്ചി
ഒരു വർഷ ഡിപ്ലോമ ഹൈഡ്രോളിക് മെക്കാനിക്കൽ കോഴ്സുകൾ
ഓപ്പറേറ്റിങ്ങ് സൗജന്യം. ഗവൺമെന്റ് ലൈസൻസ്* Limited Offer
HI-TECH COLLEGE
THRISSUR,9656215505
9387287267,9072577999







WANTED

ദേശാഭിമാനിയിൽ താഴെ പറയുന്ന തസ്തികകളിലേക്ക് വിദഗ്ധരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

മാനേജർ (പരസ്യ വിഭാഗം)
തിരുവനന്തപുരം

- MBA ബിരുദധാരികൾക്ക് മുൻഗണന
- അനുബന്ധ മേഖലയിൽ 5 മുതൽ 10 വർഷം വരെ പ്രവൃത്തിപരിചയം
- മികച്ച ആശയവിനിമയവും അവതരണ വൈദഗ്ധ്യവുമുള്ള B.com/ BBA ബിരുദധാരികൾ
- പ്രായപരിധി: 40

മാർക്കറ്റിംഗ് കോർഡിനേറ്റർ
കൊച്ചി

- ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദം/ബിരുദാനന്തര ബിരുദം
- മികച്ച അവതരണ വൈദഗ്ധ്യവും ആശയവിനിമയവും
- അനുബന്ധ മേഖലയിൽ ഡാറ്റ വിശകലന വൈദഗ്ധ്യം
- MS Word , Powerpoint, Excel എന്നിവയിൽ പ്രവൃത്തിപരിചയം
- പ്രായപരിധി: 35

അപേക്ഷകൾ അയക്കേണ്ട വിലാസം
career@deshabhimani.com

ദേശാഭിമാനി
പ്രബുദ്ധ കേരളത്തിന്റെ ശബ്ദം

RNI Reg. No. 44790/90. Vol. XXXV No.122 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com

CMYK